# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1648 — 16.03.2015 ലെ മറുപടിക്ക്

**നഞ്ച കമ്മിറ്റി - അധികാരങ്ങളും ചുമതലകളും**

ചോദ്യം — ഉത്തരം

ശ്രീ.പുരുഷൻ കടലുണ്ടി :

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭൂരേഖകൾ പ്രകാരം കര ഭൂമിയല്ലാത്ത സ്ഥലങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പരിശോധനകൾക്കായി ഏർപ്പെടുത്തിയ നഞ്ച കമ്മിറ്റികൾ ഇപ്പോൾ പ്രാബല്യത്തിലുണ്ടോ; | (എ) | ഉണ്ട്. എന്നാൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പിൻവലിക്കണമെന്നും റവന്യൂ വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കുലറുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം നഞ്ച കമ്മിറ്റികളുടെ രൂപീകരണവും പ്രവർത്തനരീതിയും അധികാരങ്ങളും സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ മൂന്ന് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഭവനേതര ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് അഭിപ്രായങ്ങൾ പറയുന്നതിനോ, ശുപാർശ ചെയ്യുന്നതിനോ, അനുമതി നൽകുന്നതിനോ, അനുമതി നിഷേധിക്കുന്നതിനോ ഈ കമ്മിറ്റിക്കുള്ള അധികാരങ്ങളും ചുമതലകളും വിശദമാക്കാമോ? | (സി) | ഭവനേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ച് മേൽ പ്രതിപാദിച്ച സർക്കുലറുകളിൽ പരാമർശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്